"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ല - കടമേരി ആർ.എ.സി. ഹയർസെക്കന്ററി സ്കൂളിലെ എച്ച്. എസ്. ടി. (ഫിസിക്കൽ സയൻസ്) ശ്രീമതി. ഫൈറൂസ സി. പി. യുടെ നിയമനാംഗീകാരം - മാനേജർ സമർപ്പിച്ച കാറ്റഗറി 1 റിവിഷൻ ഹർജി തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.2617/2025/GEDN തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:-

1. കോഴിക്കോട് ജില്ലയിലെ കടമേരി ആർ. എ. സി. ഹയർസെക്കന്ററി സ്കൂൾ മാനേജർ സമർപ്പിച്ച 14/11/2024 ലെ കാറ്റഗറി 1 റിവിഷൻ ഹർജി.
2. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 6/2/2025 ലെ DEOVKA/3439/2024-B1 നമ്പർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 7/2/2025 ലെ ഇഎം6/26681/2024/ഡിജിഇ നമ്പർ കത്ത്
4. വിദ്യാഭ്യാസ ഉപഡയറക്ടറുടെ 13/2/2025 ലെ ബി4/1340/2025/ഡിഡിഇ കെ.കെ.ഡി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിൽ വടകര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട കടമേരി ആർ.എ.സി. ഹയർസെക്കന്ററി സ്കൂളിൽ എച്ച്. എസ്.ടി ആയ ശ്രീമതി. ഫൈറൂസ സി.പി.യുടെ നിയമനാംഗീകാരം സംബന്ധിച്ച് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി ചുമതലപ്പെടുത്തിയത് പ്രകാരം മാനേജരെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 7/2/2025 ന് കേൾക്കുകയുണ്ടായി.

**(2) മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യങ്ങൾ:-**

വടകര വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്ന കടമേരി ആർ.എ.സി ഹയർസെക്കന്ററി വിദ്യാലയത്തിലെ എച്ച്.എസ്.ടി (ഭൗതിക ശാസ്ത്രം)

ശ്രീ.അബ്ദുൾ ലത്തീഫ് സി.എച്ച് നെ പ്രധാനാദ്ധ്യാപകനായി ഉദ്യോഗക്കയറ്റം നൽകിയതിനാൽ നിലവിൽ വന്ന ഒഴിവിലാണ് പകരം ശ്രീമതി.ഫൈറൂസ സി.പി യെ എച്ച്. എസ്.ടി (ഭൗതിക ശാസ്ത്രം) ആയി 01/06/22 മുതൽ നിയമിച്ചത്. ഈ നിയമനം താഴെ കാണിച്ചിരിക്കുന്ന കാരണങ്ങളാൽ വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിക്കുകയുണ്ടായി.

1. ശ്രീ.അബ്ദുൾ ലത്തീഫിന്റെ പ്രധാനാദ്ധ്യാപക നിയമനത്തിന് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല.

2. ചില രേഖകൾ പ്രൊപ്പോസലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

3. എം.എഡ് യോഗ്യത നേടിയിട്ടുണ്ടെങ്കിലും, ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച എം.എ സർട്ടിഫിക്കറ്റിന്റെ സാധുത പരിശോധിച്ചിട്ടില്ല

4. ഭിന്നശേഷി നിയമന നിബന്ധനകൾ പാലിച്ചിട്ടില്ല.

മേൽ ഉത്തരവിനെതിരായി ഫയൽ ചെയ്ത റിവിഷൻ ഹർജി പൊതു വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ പരിഗണിക്കുകയുണ്ടായി. ഇതിനകം ശ്രീ.അബ്ദുൾ ലത്തീഫിന്റെ നിയമനത്തിന് പ്രധാനാദ്ധ്യാപകനായി 01/06/22 മുതൽ ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകാരം നൽകുകയും, ഒഴിവ് വ്യവസ്ഥാപിതമാവുകയും ചെയ്തു. 06/08/22 ലെ വടകര ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ബി1/30774/22 നമ്പർ ഉത്തരവ് നിയമനാംഗീകാരം നിരസിക്കാനായി ജില്ലാ വിദ്യാഭ്യാസ ആഫീസർ ചൂണ്ടിക്കാണിച്ച മറ്റ് കാരണങ്ങൾ ഡയറക്ടർ തലത്തിൽ ഒഴിവാക്കിയെങ്കിലും, ഈ വിദ്യാലയം പുതുതായി ആരംഭിച്ച വിദ്യാലയമായതിനാൽ 23/01/23 ലെ ഗവ. ഉത്തരവ് (സാധാ) 02/23/പൊ.വി പ്രകാരം 15/07/21 മുതൽക്കുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിന് 2019-20 ന് ശേഷമുണ്ടാവുന്ന ആദ്യ ഒഴിവ് മാറ്റി വെക്കണമെന്ന വ്യവസ്ഥ മാനേജർ പാലിച്ചിട്ടില്ലാത്തതിനാൽ റിവിഷൻ ഹർജി നിരസിച്ചിരിക്കുകയാണ്. ഈ അവസരത്തിൽ താഴെ പറയുന്ന വസ്തുതകളാണ് പരിഗണിക്കേണ്ടത്.

1982-83 വർഷം ആരംഭിച്ച ഈ വിദ്യാലയത്തിൽ നിയമാനുസൃതം സംരക്ഷിതാ ദ്ധ്യാപകരെ തുടർച്ചയായി നിയമിച്ചു വന്നിരുന്നു. അവസാനമായി നിയമിതനായ സംരക്ഷിത എച്ച്.എസ്.ടി (സാമൂഹ്യ ശാസ്ത്രം) അദ്ധ്യാപകൻ, കോവിഡിന് മുന്നേ മാതൃ വിദ്യാലയത്തിലേക്ക് തിരികെ പോവുകയും, 2019-20 വർഷത്തിൽ അനുവദിച്ച ഒരു തയ്യൽ അദ്ധ്യാപിക തസ്തിക സംരക്ഷിത നിയമനത്തിനായി മാറ്റിവെക്കുകയും, സാമൂഹ്യ ശാസ്ത്രം ഒഴിവിൽ അക്കാദമിക് താല്പര്യം മുൻ നിർത്തി ഒരാളെ പുതുതായി നിയമിക്കുകയും ചെയ്തു. എന്നാൽ സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി പുതുതായി അനുവദിച്ച തസ്തിക നീക്കി

വെച്ച മാനേജരുടെ നടപടി ശരിയല്ലെന്നും, ഒരു വ്യവസ്ഥാപിത റഗുലർ ഒഴിവ് തന്നെ മാറ്റി വെക്കണമെന്ന് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശിക്കുകയും, ഇക്കാര്യത്തിൽ ഡയറക്ടർ തലത്തിലും, ഗവ. തലത്തിൽവരെയും കത്തിടപാടുകൾ നടത്തുകയുമുണ്ടായി. എന്നാൽ മേലധികാരികൾ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ശരിവെക്കുകയും, **30/04/2023** ന് വിരമിക്കൽ മൂലം നിലവിൽ വന്ന ഒരു എച്ച്.എസ്.ടി (ഹിന്ദി) ഒഴിവ് സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാറ്റി വെക്കുകയും, **10/07/24** ലെ ഉത്തരവ് ബി**4/4713/24** പ്രകാരം ഒരു സംരക്ഷിത ഹിന്ദി എച്ച്.എസ്.ടി യെ കോഴിക്കോട് വിദ്യാഭ്യാസഉപഡയറക്ടർ പ്രസ്തുത ഒഴിവിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. മേൽ വസ്തുതകൾ പരിശോധിച്ചാൽ **2019-20** വർഷത്തിന് ശേഷം വന്ന ആദ്യ ഒഴിവ്, സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാറ്റി വെച്ചിട്ടില്ലെന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം വസ്തുതകൾക്ക് നിരക്കുന്നതല്ല. വിദ്യാലയ ആരംഭ വർഷം മുതൽക്ക് തന്നെ തുടർച്ചയായി സംരക്ഷിതാദ്ധ്യാപക നിയമനം കൃത്യമായി നടത്തിയ വിദ്യാലയമാണിത്. **2019-20** വർഷം നിയമിതനായ സംരക്ഷിതാദ്ധ്യാപകൻ തിരികെ മാതൃ വിദ്യാലയത്തിലേക്ക് പോയപ്പോൾ, പകരം, തയ്യൽ അദ്ധ്യാപക ഒഴിവ് മാറ്റി വെച്ചിരുന്നെങ്കിലും, ആയത് ഉപഡയറക്ടർ അംഗീകരിക്കാതിരുന്നതിനാലും, ഇക്കാര്യത്തിൽ ഗവ. തലത്തിൽ വരെ കത്തിടപാടുകൾ നടത്തേണ്ടി വന്നത് മൂലവുമാണ്, എച്ച്.എസ്.ടി (ഹിന്ദി) ഒഴിവ് മാറ്റി വെക്കൽ കാലതാമസം വന്നത്. മേൽ വസ്തുതകൾ പരിശോധിച്ചാൽ **2019 -20** വർഷം മുതൽക്ക് തന്നെ സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി വിദ്യാലയത്തിൽ, ഒഴിവ് മാറ്റി വെച്ചിട്ടുണ്ടെന്ന് കാണാവുന്നതാണ്.

മേൽ സാഹചര്യത്തിൽ ശ്രീമതി. ഫൈറൂസ സി.പി യുടെ എച്ച്.എസ്.ടി (ഭൗതിക ശാസ്ത്രം) നിയമനത്തിന് **01/06/22** മുതൽക്ക് തന്നെ നിയമനാംഗീകാരം നൽകണമെന്ന നിർദ്ദേശം വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകണമെന്നഭ്യർത്ഥിക്കുന്നു. ആയത് പ്രാവർത്തികമല്ലെങ്കിൽ എച്ച്.എസ്.ടി (ഹിന്ദി) ഒഴിവ് നിലവിൽ വന്ന ശേഷം, വിദ്യാലയവർഷം ആരംഭിച്ച **01/06/23** മുതൽക്കെങ്കിലും, നിയമനാംഗീകാരം നൽകി ഉത്തരവാക്കാനുള്ള നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

**(3) ശ്രീമതി. ഫൈറൂസ സി.പി. യുടെ വാദങ്ങൾ:-**

വടകര വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്ന കടമേരി ആർ.എ.സി. ഹയർസെക്കന്ററി വിദ്യാലയത്തിലെ എച്ച്.എസ്.ടി. (ഭൗതിക ശാസ്ത്രം) ശ്രീ. അബ്ദുൾ ലത്തീഫ് സി.എച്ച്.നെ പ്രധാനാദ്ധ്യാപകനായി ഉദ്യോഗക്കയറ്റം നൽകിയതിനാൽ നിലവിൽ വന്ന ഒഴിവിലാണ് പകരം ഫൈറൂസ. സി. പി. എന്ന എന്നെ എച്ച്.എസ്.ടി. (ഭൗതികശാസ്ത്രം) ആയി **1/6/22** മുതൽ നിയമിച്ചത്. ഈ നിയമനം താഴെ കാണിച്ചിരിക്കുന്ന കാരണങ്ങളാൽ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി.

5. ശ്രീ.അബ്ദുൾ ലത്തീഫിന്റെ പ്രധാനാദ്ധ്യാപക നിയമനത്തിന് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല.

6. ചില രേഖകൾ പ്രൊപ്പോസലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

7. എം.എഡ് യോഗ്യത നേടിയിട്ടുണ്ടെങ്കിലും, ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച എം.എ സർട്ടിഫിക്കറ്റിന്റെ സാധുത പരിശോധിച്ചിട്ടില്ല

8. ഭിന്നശേഷി നിയമന നിബന്ധനകൾ പാലിച്ചിട്ടില്ല.

മേൽ ഉത്തരവിനെതിരായി ഫയൽ ചെയ്ത റിവിഷൻ ഹർജി പൊതു വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ പരിഗണിക്കുകയുണ്ടായി. ഇതിനകം ശ്രീ. അബ്ദുൾ ലത്തീഫിന്റെ നിയമനത്തിന് പ്രധാനാദ്ധ്യാപകനായി 01/06/22 മുതൽ ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകാരം നൽകുകയും, ഒഴിവ് വ്യവസ്ഥാപിതമാവുകയും ചെയ്തു. 06/08/22 ലെ വടകര ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ബി1/30774/22 നമ്പർ ഉത്തരവ് നിയമനാംഗീകാരം നിരസിക്കാനായി ജില്ലാ വിദ്യാഭ്യാസ ആഫീസർ ചൂണ്ടിക്കാണിച്ച മറ്റ് കാരണങ്ങളല്ലാതെ ഡയറക്ടർ തലത്തിൽ ഒഴിവാക്കിയെങ്കിലും, ഈ വിദ്യാലയം പുതുതായി ആരംഭിച്ച വിദ്യാലയമായതിനാൽ 23/01/23 ലെ ഗവ. ഉത്തരവ് (സാധാ) നം. 02/23/പൊ.വി പ്രകാരം 15/07/21 മുതൽക്കുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിന് 2019-20 ന് ശേഷമുണ്ടാവുന്ന ആദ്യ ഒഴിവ് മാറ്റി വെക്കണമെന്ന വ്യവസ്ഥ മാനേജർ പാലിച്ചിട്ടില്ലാത്തതിനാൽ റിവിഷൻ ഹർജി നിരസിച്ചിരിക്കുകയാണ്. ഈ അവസരത്തിൽ താഴെ പറയുന്ന വസ്തുതകളാണ് പരിഗണിക്കേണ്ടത്.

വടകര വിദ്യാഭ്യാസ ജില്ലാ ആഫീസർ നിരസിക്കാൻ ഉണ്ടായ കാരണങ്ങളൊക്കെയും ഈ കാലയളവിൽ പരിഹരിക്കപ്പെടുകയും എച്ച്.എസ്.ടി. ഹിന്ദി ഒഴിവ് സംരക്ഷികാദ്ധ്യാപക നിയമനത്തിന് മാറ്റി വെച്ചതിനാൽ 18/7/24 ശ്രീലാൽ മഞ്ഞലത്തിൽ HST (ഹിന്ദി) നിലവിൽ നിയമിതനായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എന്റെ (ഫൈറൂസ സി. പി.) എച്ച്.എസ്.ടി (ഭൗതികശാസ്ത്രം) നിയമനത്തിന് 1/06/22 മുതൽക്ക് തന്നെ നിയമനാംഗീകാരം നൽകണമെന്ന നിർദ്ദേശം വടകര വിദ്യാഭ്യാസ ആഫീസർക്ക് നൽകണമെന്നഭ്യർത്ഥിക്കുന്നു.

**(4) വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:-**

കടമേരി ആർ.എ. സി. ഹൈസ്കൂളിലെ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് അധ്യാപകനായ ശ്രീ. അബ്ദുൽ ലത്തീഫ് സി . എച്ച് നെ 01/06/2022 മുതൽ പ്രധാനാദ്ധ്യാപകനായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ മാനേജർ ശ്രീമതി.

ഫൈറൂസ. സി .പി യെ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) ആയി **01.06.2022** മുതൽ നിയമിക്കുകയും, നിയമനാംഗീകാര അപേക്ഷ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത നിയമനാംഗീകാര അപേക്ഷ ഉത്തരവ് നമ്പർ **B1/38098/2022** തീയതി **11/03/2023** പ്രകാരം താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ച് ഉത്തരവായിരുന്നു.

1. ശ്രീ അബ്ദുൽ ലത്തീഫ് .സി .എച്ച് നെ പ്രധാനാദ്ധ്യാപകനായി സ്ഥാനക്കയറ്റം അംഗീകരിച്ച ഉത്തരവ് സമർപ്പിച്ചിട്ടില്ല.

2. ശ്രീമതി. ഫൈറൂസ .സി .പി, കെ .ടെറ്റ് യോഗ്യത നേടിയിട്ടില്ല. എന്നാൽ എം.എഡ്. യോഗ്യത നേടിയിട്ടുണ്ട്. ടിയാളുടെ **Master of Science** സർട്ടിഫിക്കറ്റ് ഭാരതിയാർ യൂണിവേഴ്സിറ്റിയുടേതാണ്. പ്രസ്തുത സർട്ടിഫിക്കറ്റിന്റെ സാധുത പരിശോധിച്ചിട്ടില്ല .

3. **WPC 19808/2021** തിയ്യതി **10/08/2022** ലെ വിധിയുടെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവുകളിൽ നിർദേശിച്ച പ്രകാരം റോസ്റ്റർ തയ്യാറാക്കുകയോ, ഭിന്നശേഷി നിയമനങ്ങൾ നടത്തിയതായോ മാനേജർ അറിയിച്ചിട്ടില്ല .

**01/11/2023** തീയതിയിലെ ജെ.ആർ **01/502/2023**/പൊ.വി.വ നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം യോഗ്യതയില്ലാത്തതിനാലോ, സീനിയോരിറ്റി പ്രശ്നങ്ങളാലോ, നിയമനാംഗീകാരം നൽകുന്നതിന് തടസ്സമാകുന്ന മറ്റെന്തെങ്കിലും കാരണങ്ങളാലോ നിയമനാംഗീകാരം നൽകാൻ കഴിയാത്ത കേസുകളിലൊഴികെ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ റോസ്റ്ററിലെ അപാകതയോ മാത്രമാണ് നിയമനാംഗീകാരം നൽകാതിരുന്നതിന്റെ കാരണമെങ്കിൽ ആയത് കണക്കിലെടുക്കാതെ **19/10/2023** ലെ കോടതിയലക്ഷ്യക്കേസ് നമ്പർ **Con.Case(C) No. 2014/2023 in WA 1725/2022** നമ്പർ കോടതിവിധിയുടെ അടിസ്ഥാനത്തിൽ **18/11/2018** നും **8/11/2021** നും ഇടയ്ക്കുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊവിഷണലായി നിയമനാംഗീകാരം നൽകുന്നതിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മാനേജർ നിയമന പ്രൊപോസൽ പുനഃസമർപ്പിക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചതിൽ പുതിയതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെടുന്ന ആർ.എ.സി. എച്ച്.എസ്.എസ് കടമേരിയിൽ **2019-20** വർഷത്തിന് മുൻപുള്ള ഒരു എച്ച്.എസ്.ടി (എസ്.എസ്) തസ്തിക കെ. ഇ. ആർ. അദ്ധ്യായം **XXI 7 (3)** പ്രകാരമുള്ള വ്യവസ്ഥ പാലിക്കുന്നതിനായി സർക്കാരിലേക്ക് വിട്ട് നൽകിയിരുന്നു. പ്രസ്തുത തസ്തികയിൽ **14.07.2017** മുതൽ കെ.പി.ഇ.എസ്.എച്ച്.എസ്.എസ് കായക്കൊടിയിലെ സംരക്ഷി താദ്ധ്യാപകനായ ശ്രീ. മുജീബ് റഹ്മാൻ. കെ.പി **HST (SS)** തസ്തികയിൽ ജോലി ചെയ്തുവരികയും **16.09.20** ന് മാതൃ വിദ്യാലയത്തിലുണ്ടായ ഒഴിവിലേക്ക് തിരികെ

നിയമിക്കുകയാണുണ്ടായത്. 2020-21 വർഷത്തിൽ തസ്തിക നിർണ്ണയം നടക്കാത്തതിനാൽ വിദ്യാഭ്യാസ ഉപഡയറക്ടർ സംരക്ഷിതാദ്ധ്യാപകനെ നിയമിച്ചിരുന്നില്ല. പിന്നീട് പ്രസ്തുത ഒഴിവിലേക്ക് പന്തീരാങ്കാവ് ഹൈസ്ക്കൂളിലെ ശ്രീ. മനോജ്.കെ എന്ന അദ്ധ്യാപകനെ വിദ്യാഭ്യാസ ഉപഡയറക്ടർ 19.07.21 ലെ B4/8000/20 ഉത്തരവ് പ്രകാരം പുനർവിന്യസിച്ചെങ്കിലും മാനേജർ 15.07.21 മുതൽ HST(SS) തസ്തികയിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിനായി സർക്കാരിന് വിട്ടുകൊടുത്ത സോഷ്യൽ സയൻസ് തസ്തികയിൽ ശ്രീമതി. ശ്രുതി.എൻ. ഡി എന്നയാളെ പുതുതായി നിയമിച്ചതിനാൽ ശ്രീ. മനോജ് കെ. എന്ന അദ്ധ്യാപകന് ജോലിയിൽ പ്രവേശിക്കാൻ കഴിയാതെ വരികയും, ടിയാനെ മറ്റൊരു വിദ്യാലയത്തിലേക്ക് പുനർവിന്യസിക്കുകയും ചെയ്യുകയാണുണ്ടായത്. തുടർന്ന് സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിനായി മാറ്റിവെച്ച HST (SS) തസ്തികയ്ക്ക് പകരം നീഡിൽ വർക്ക് തസ്തിക മാറ്റിവെക്കാനുള്ള മാനേജരുടെ അപേക്ഷ DDE യുടെ B4/25803/20 തിയതി 12.2.21 പ്രകാരം നിരസിച്ച് ഉത്തരവായിരുന്നു. 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ പുതിയതായി അനുവദിച്ച നീഡിൽ വർക്ക് തസ്തിക GO (P) നം. 03/19/പൊവിവ Dated 28.02.19, GO(P) നം.199/16 Dated 08.12.16 എന്നീ ഉത്തരവുകൾ പ്രകാരം 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കേണ്ടതാണ്. 2019-20 വർഷത്തിൽ പുതിയതായി അനുവദിച്ച നീഡിൽ വർക്ക് തസ്തിക ചട്ട പ്രകാരം സംരക്ഷിതാദ്ധ്യാപകനെയാണ് നിയമിക്കേണ്ടതെന്നും ആയതിനാൽ സംരക്ഷിതാദ്ധ്യാപകർക്കായി HST(SS) തസ്തിക മാറ്റി പകരം 2019-20 വർഷത്തിൽ പുതിയതായി അനുവദിച്ച നീഡിൽ വർക്ക് തസ്തിക നീക്കിവെക്കാൻ സാധിക്കുകയില്ല എന്നും സ.ഉ (സാധാ) നം.5313/2023/GEDN തിയതി 20.09.23 പ്രകാരം ഉത്തരവായിട്ടുണ്ട്.

G.O.(P)No.02/2023/G.EDN dated 23-01-2023 ഉത്തരവിൽ പുതുതായി ആരംഭിച്ച സ്കൂളുകളിലെ 15/07/21 മുതലുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിന് 2019-20 ന് ശേഷമുണ്ടാവുന്ന ആദ്യ ഒഴിവ് മാറ്റിവെക്കണമെന്ന വ്യവസ്ഥ മാനേജർ പാലിച്ചിട്ടില്ല. വടകര വിദ്യാഭ്യാസ ജില്ലയിലെ കടമേരി ആർ.എ.സി. ഹൈസ്കൂൾ 02/05/1979 ന് ശേഷം ആരംഭിച്ച വിദ്യാലയമായതിനാൽ പുതിയതായി ആരംഭിച്ച വിദ്യാലയങ്ങളുടെ ഗണത്തിൽപെടുന്നു. പ്രസ്തുത വിദ്യാലയത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് പ്രകാരം കെ. ഇ. ആർ. അദ്ധ്യായം XXI 7 (3) പ്രകാരമുള്ള വ്യവസ്ഥ പാലിക്കുന്നതിനായി മാറ്റിവെച്ച സോഷ്യൽ സയൻസ് തസ്തികയിൽ നിയമിതനായ സംരക്ഷിതാദ്ധ്യാപകൻ ശ്രീ. മുജീബ് റഹ്മാൻ കെ.പി, മാതൃ വിദ്യാലയമായ കെ. പി. ഇ. എച്ച്. എസ് കായക്കൊടിയിലേക്ക് തിരികെ പോയതിനെ തുടർന്ന് കടമേരി ആർ.എ.സി ഹൈസ്കൂളിൽ ലഭ്യമായ ഒഴിവിൽ മാനേജർ ശ്രീമതി. ശ്രുതി എൻ. ഡി. -യെ 15/07/21 മുതൽ എച്ച്.എസ്.ടി. (എസ്.എസ്) ആയി നിയമിക്കുകയും ചെയ്തിരുന്നു.

പുതിയതായി ആരംഭിച്ച വിദ്യാലയങ്ങളുടെ ഈ വിഷയത്തിൽ മാനേജർ നേരത്തെ സർക്കാർ മുൻപാകെ റിവിഷൻ അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി.

സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിനായി മാറ്റിവെച്ച എച്ച്.എസ്.ടി. (എസ്.എസ്) തസ്തികക്ക് പകരം നീഡിൽ വർക്ക് അധിക തസ്തിക മാറ്റിവെക്കാനുള്ള മാനേജരുടെ റിവിഷൻ ഹർജി സർക്കാർ സ.ഉ (സാധാ) നം.5313/2023/G.Edn dated 20.09.23 പ്രകാരം നിരസിച്ച് ഉത്തരവായിരുന്നു. 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ പുതിയതായി അനുവദിച്ചിട്ടുള്ള നീഡിൽ വർക്ക് തസ്തിക സ.ഉ. (പി) 03/19 തിയതി 28.02.2019, സ.ഉ (പി) 199 /16 തിയതി 03/12/2016 എന്നീ ഉത്തരവുകൾ പ്രകാരം 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കേണ്ട തസ്തികയാണ്. 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ പുതിയതായി അനുവദിച്ചിട്ടുള്ള നീഡിൽ വർക്ക് തസ്തിക ചട്ട പ്രകാരം സംരക്ഷിതാദ്ധ്യാപകനെയാണ് നിയമിക്കേണ്ടതെന്നും ആയതിനാൽ സംരക്ഷിതാദ്ധ്യാപകർക്കായി എച്ച് .എസ് .ടി (എസ് .എസ്) 2 തസ്തിക മാറ്റി പകരം 2019 -20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ പുതിയതായി അനുവദിച്ചിട്ടുള്ള നീഡിൽ വർക്ക് തസ്തിക നീക്കി വെക്കാൻ സാധിക്കുകയില്ല എന്നും തുന്നൽ തസ്തികക്ക് പകരമായി മാനേജർക്ക് നിയമിക്കാവുന്ന വ്യവസ്ഥാപിതമായ ഒരു അദ്ധ്യാപക തസ്തിക സംരക്ഷിതാദ്ധ്യാപകർക്കായി മാറ്റിവെക്കാവുന്നതാണെന്നും സ.ഉ (സാധാ) No. 5313/2023/G.Edn, തിയതി 20.09.23 പ്രകാരം ഉത്തരവായിരുന്നു.

പ്രസ്തുത വിദ്യാലയത്തിൽ നിന്നും 30.04.23 ന് എച്ച് .എസ് .ടി (ഹിന്ദി) അധ്യാപികയായിരുന്ന ശ്രീമതി. ഹാജിറ സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്നുണ്ടായ എച്ച്.എസ്.ടി (ഹിന്ദി) തസ്തിക സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാറ്റിവെച്ചുകൊണ്ടുള്ള അപേക്ഷ മാനേജർ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കുകയുണ്ടായി. സർക്കാർ ഉത്തരവ് (പി) നം. 03 / 2019/പൊവിവ തിയതി 28.02.2019 , ഇതുമായി ബന്ധപ്പെട്ട സർക്കുലർ No. J2/ 57 / 2019/പൊവിവ തീയതി 08.03.2019 എന്നിവ പ്രകാരം കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം (7) (3) പ്രകാരമുള്ള ഒഴിവ് മാറ്റിവെക്കാൻ ലഭ്യമല്ലാത്ത സ്കൂളുകളിലെ ചട്ടപ്രകാരം മുൻഗണനവകാശികൾ അല്ലാത്തവരുടെ നിയമനങ്ങൾ സംബന്ധിച്ച് പ്രതിപാദിച്ചിരിക്കുന്നു. സ്കൂളുകളിൽ ചട്ടം 7 (3) (8) പ്രകാരം ഒരു സംരക്ഷിതാദ്ധ്യാപകൻ നിയമിക്കപ്പെടാത്ത സാഹചര്യത്തിൽ കെ.ഇ.ആർ അദ്ധ്യായം ചട്ടം 7 (5) പ്രകാരം ഒരു സംരക്ഷിതാദ്ധ്യാപകൻ ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽ മാത്രമേ പ്രസ്തുത സ്കൂളിലെ ബന്ധപ്പെട്ട മറ്റ് നിയമനങ്ങൾക്ക് അംഗീകാരം നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സ ഉ (സാധാ) നം. 5313/2023/G.Edn dated 20 .09 .23 പ്രകാരം മാനേജർക്ക് നിയമിക്കാവുന്ന വ്യവസ്ഥാപിതമായ ഒരു അദ്ധ്യാപക തസ്തിക സംരക്ഷിതാദ്ധ്യാപകർക്കായി മാറ്റിവെക്കാവുന്നതാണെന്ന് നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 30.04.23 ന് എച്ച്.എസ്.ടി (ഹിന്ദി) ആയിരുന്ന ശ്രീമതി. ഹാജിറ സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്നുണ്ടായ എച്ച്.എസ്.ടി (ഹിന്ദി) തസ്തിക സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാറ്റിവെച്ചുകൊണ്ടുള്ള മാനേജരുടെ

**17.10.23** തിയതിയിലെ അപേക്ഷ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് നം. **DDEKKD/ 4713 / 2024** -ബി **4** തിയതി **10-07-24** പ്രകാരം സംരക്ഷിതാദ്ധ്യാപകനെ ആർ.എ.സി.എച്ച്.എസ്. കടമേരിയിൽ നിയമിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അദ്ധ്യാപകൻ **18.07.24** ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട് .

**( 5 ) മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദങ്ങൾ ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.**

കോഴിക്കോട് ജില്ലയിൽ വടകര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട കടമേരി ആർ.എ.സി. ഹയർസെക്കന്ററി സ്കൂളിൽ എച്ച്.എസ്.ടി ആയ ശ്രീമതി. ഫൈറൂസ സി.പി. യുടെ **1/6/2022** മുതലുള്ള നിയമനം അംഗീകരിച്ചു നൽകണമെന്നതാണ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം,

ആർ.എ.സി. കടമേരി സ്കൂളിലെ **HST (PS)** ആയ ശ്രീ. അബ്ദുൽ ലത്തീഫ്.സി.എച്ച് -നു പ്രധാനാദ്ധ്യാപകനായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ മാനേജർ ശ്രീമതി. ഫൈറൂസ. സി .പി യെ **HST(PS)** ആയി **01.06.2022** മുതൽ നിയമിച്ചു. എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവായിരുന്നു.

1. ശ്രീ. അബ്ദുൽ ലത്തീഫ് .സി .എച്ച് ന്റെ പ്രധാനാദ്ധ്യാപകനായി സ്ഥാനക്കയറ്റം അംഗീകരിച്ച ഉത്തരവ് സമർപ്പിച്ചിട്ടില്ല.

2. ശ്രീമതി.ഫൈറൂസ . സി . പി , കെ. ടെറ്റ് യോഗ്യത നേടിയിട്ടില്ല .

3. **WPC 19808/ 2021** തീയ്യതി **10/ 08/ 2022** ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവുകളിൽ നിർദേശിച്ച പ്രകാരം റോസ്റ്റർ തയ്യാറാക്കുകയോ, ഭിന്നശേഷി നിയമനങ്ങൾ നടത്തിയതായോ മാനേജർ അറിയിച്ചിട്ടില്ല .

പിന്നീട് മാനേജർ പുനഃസമർപ്പിച്ച നിയമനാംഗീകാര അപേക്ഷ പരിശോധിച്ചതിൽ, പുതിയതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെടുന്ന ആർ .എ. സി എച്ച്. എസ് .എസ് കടമേരിയിൽ **HST (SS)** തസ്തിക സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിനായി സർക്കാരിന് വിട്ട് നൽകിയിരുന്നു. പ്രസ്തുത തസ്തികയിൽ **14.0.7.2017** മുതൽ കെ. പി .ഇ .എസ് .എച്ച് .എസ് .എസ് കായക്കൊടിയിലെ സംരക്ഷിതാദ്ധ്യാപകനായ ശ്രീ. മുജിബ് റഹ്മാൻ. കെ.പി **HST(SS)** തസ്തികയിൽ ജോലി ചെയ്തുവരികയും **16.09.20** ന് മാതൃ വിദ്യാലയത്തിലെ

ഒഴിവിലേക്ക് തിരികെ നിയമിക്കുകയുമുണ്ടായി. 2020-21 വർഷത്തിൽ തസ്തിക നിർണ്ണയം നടക്കാത്തതിനാൽ വിദ്യാഭ്യാസ ഉപഡയറക്ടർ സംരക്ഷിതാദ്ധ്യാപകനെ നിയമിച്ചിരുന്നില്ല. പിന്നീട് പ്രസ്തുത ഒഴിവിലേക്ക് പന്തീരാങ്കാവ് ഹൈസ്ക്കൂളിലെ ശ്രീ. മനോജ്.കെ എന്ന അദ്ധ്യാപകനെ വിദ്യാഭ്യാസ ഉപഡയറക്ടർ പുനർവിന്യസിച്ചെങ്കിലും മാനേജർ 15.07.21 മുതൽ HST (SS) തസ്തികയിൽ (സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിനായി സർക്കാരിന് വിട്ടുകൊടുത്ത തസ്തിക) ശ്രീമതി. ശ്രുതി.എൻ.ഡി യെ നിയമിച്ചതിനാൽ ശ്രീ.മനോജ്.കെ എന്ന അദ്ധ്യാപകന് ജോലിയിൽ പ്രവേശിക്കാൻ കഴിയാതെ വരികയും, ടിയാനെ മറ്റൊരു വിദ്യാലയത്തിലേക്ക് പുനഃർവിന്യസിക്കുകയും ചെയ്യുകയുണ്ടായി.

സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിനായി മാറ്റിവെച്ച HST (എസ് എസ്) തസ്തികയ്ക്ക് പകരം നീഡിൽ വർക്ക് തസ്തിക മാറ്റിവെക്കാനുള്ള മാനേജരുടെ അപേക്ഷ വിദ്യാഭ്യാസ ഉപ ഡയറക്ടർ നിരസിച്ച് ഉത്തരവായിരുന്നു. 2019-20 വർഷത്തിൽ പുതിയതായി അനുവദിച്ച നീഡിൽ വർക്ക് തസ്തിക ചട്ട പ്രകാരം സംരക്ഷിതാദ്ധ്യാപകനെയാണ് നിയമിക്കേണ്ടതെന്നും ആയതിനാൽ സംരക്ഷിതാദ്ധ്യാപകർക്കായി HST(SS) തസ്തിക മാറ്റി പകരം 2019-20 വർഷത്തിൽ പുതിയതായി അനുവദിച്ച നീഡിൽ വർക്ക് തസ്തിക നീക്കി വയ്ക്കാൻ സാധിക്കുകയില്ല എന്ന് സർക്കാർ ഉത്തരവ് (സാധാ) നം 5313/2023/GEDN തീയതി 20.09.23 പ്രകാരം ഉത്തരവായിരുന്നു. സ.ഉ (പി) നം. 02/2023/GEDN തീയതി 23-01-2023 പ്രകാരമുള്ള ഉത്തരവിൽ പുതുതായി ആരംഭിച്ച സ്കൂളുകളിലെ 15/07/21 മുതലുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിന് 2019-20 ന് ശേഷമുണ്ടാവുന്ന ആദ്യ ഒഴിവ് മാറ്റിവെക്കണമെന്ന വ്യവസ്ഥ മാനേജർ പാലിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് (സാധാ) നം. 5313/2023/G.Edn dated 20.09.23 പ്രകാരം മാനേജർക്ക് നിയമിക്കാവുന്ന വ്യവസ്ഥാപിതമായ ഒരു അദ്ധ്യാപക തസ്തിക സംരക്ഷിതാദ്ധ്യാപകർക്കായി മാറ്റിവെക്കാവുന്നതാണെന്ന് നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 30.04.23 ന് എച്ച് .എസ് .ടി (ഹിന്ദി ) ആയിരുന്ന ശ്രീമതി. ഹാജിറ സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്നുണ്ടായ എച്ച് .എസ് .ടി (ഹിന്ദി) തസ്തിക സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാറ്റിവെച്ചുകൊണ്ടുള്ള മാനേജരുടെ 17.10.23 തീയതിയിലെ അപേക്ഷ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കുകയും കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് പ്രകാരം സംക്ഷിതാദ്ധ്യാപകനെ ആർ .എ .സി . എച്ച് .എസ്. കടമേരിയിൽ നിയമിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അദ്ധ്യാപകൻ 18.07.24 ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

(6) ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവ് (എം.എസ്)നം 101/2023/G.EDN തീയതി 18/7/2023 പ്രകാരം മാനേജർ സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി ഒഴിവു വിട്ടുകൊടുത്ത 17/10/2023 തീയതി മുതൽ ശ്രീമതി. ഫൈറൂസ. സി. പി-യുടെ എച് എസ് ടി (ഫിസിക്കൽ സയൻസ്) നിയമനം ഭിന്നശേഷി നിയമനം

സംബന്ധിച്ച ഉത്തരവുകൾക്ക് വിധേയമായി മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകുന്നതിന് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SWAPNA P**

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-14
വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര
മാനേജർ, ആർ എ സി എച് എസ് എസ്, കടമേരി, കോഴിക്കോട്
ശ്രീമതി. ഫൈറൂസ സി. പി, എച്ച്. എസ്.ടി (ഭൗതിക ശാസ്ത്രം), ആർ എ സി എച് എസ് എസ്, കടമേരി, കോഴിക്കോട്
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 11-04-2025 15:16:36

സെക്ഷൻ ഓഫീസർ